ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:03.04.2025

## പ്രധാനവാർത്തകൾ

1) ഇന്ത്യ – തായ്‌ലൻഡ് ബന്ധം തന്ത്ര പ്രധാന സഹകരണത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.
2) വഖഫ് ഭേദഗതി ബില്ലിന്മേൽ രാജ്യസഭയിൽ ചർച്ച പുരോഗമിക്കുന്നു.
3) സമരം ചെയ്യുന്ന ആശാ പ്രവർത്തകരുമായി സംസ്ഥാന സർക്കാർ തിരുവനന്തപുരത്ത് നടത്തിയ മൂന്നാം വട്ട ചർച്ചയും പരാജയം. ചർച്ച നാളെയും തുടർന്നേക്കും
4) ഫിഫ ഫുട്ബാൾ റാങ്കിംഗിൽ ഒന്നാം സ്ഥാനം നിലനിർത്തി അർജന്റീന . ഐ.എസ്.എൽ രണ്ടാം സെമിയിൽ ഇന്ന് ജംഷഡ്പൂർ എഫ്.സി, മോഹൻ ബഗാനെ നേരിടും.
5) ചക്രവാതച്ചുഴിയുടെ സ്വാധീനത്താൽ സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്

&&&&&&&&&&&&&&&&&&

പ്രധാനമന്ത്രി – ഇൻട്രോ

ഇന്ത്യ – തായ്‌ലൻഡ് ബന്ധം തന്ത്ര പ്രധാന സഹകരണത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചതായി

RNU TVPM

പ്രധാനമന്ത്രി നരേന്ദ്ര മോദി. തായ് പ്രധാനമന്ത്രിയുമായുള്ള ഉഭയകക്ഷിചർച്ചയ്ക്ക് ശേഷം സംയുക്ത പ്രസ്താവനയിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. ഇന്ത്യയുടെ ആക്ട് ഈസ്റ്റ് നയത്തിലും ഇന്തോ പസഫിക് കാഴ്ചപാടിലും തായ്ലൻഡിന് പ്രത്യേക സ്ഥാനമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയിസ്)

ഐ ടി, എം എസ് എം ഇ, കൈത്തറി ഉൾപ്പെടെ വിവിധ മേഖലകളിലെ സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള 6 കരാറുകളിലും ഇരു രാജ്യങ്ങളും ഒപ്പുവെച്ചു. നാളെ ആരംഭിക്കുന്ന ആറാമത് ബിംസ്റ്റെക് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി തായ്ലൻഡിലെത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മളമായ വരവേൽപാണ് ലഭിച്ചത്. തായ്ലൻഡ് സന്ദർശനം പൂർത്തിയാക്കി നാളെ അദ്ദേഹം ശ്രീലങ്കയിലേക്ക് തിരിക്കും.

RNUTVPM

&&&&&&&&&&&&&&&&&&

**വഖഫ് ബിൽ (ഇൻട്രോ)**

വഖഫ് ഭേദഗതി ബില്ലിന്മേൽ രാജ്യസഭയിൽ ചർച്ച പുരോഗമിക്കുന്നു. വഖഫ് സ്വത്തുവകകളുടെ കാര്യക്ഷമമായ നടത്തിപ്പ് ലക്ഷ്യമിടുന്ന ബിൽ കേന്ദ്ര ന്യൂനപക്ഷകാര്യമന്ത്രി കിരൺ റിജിജുവാണ് സഭയിൽ അവതരിപ്പിച്ചത്. ലോക്സഭയിൽ ഇന്നലെ അവതരിപ്പിച്ച ബിൽ 12 മണിക്കൂർ നീണ്ട ചർച്ചയ്ക്ക് ശേഷമാണ് സഭ പാസ്സാക്കിയത്. വഖഫ് പ്രവർത്തനങ്ങളിൽ മുസ്ലിം ഇതര വിഭാഗങ്ങൾക്ക് ഇടപെടാൻ ബിൽ അവസരമൊരുക്കുമെന്ന

പ്രചാരണം തെറ്റാണെന്ന് ശ്രീ കിരൺ റിജിജു വ്യക്തമാക്കി. മുസ്ലിം മതത്തിലെ എല്ലാ വിഭാഗങ്ങളുടെയും വനിതകളുടെയും പ്രാതിനിധ്യം വഖഫ് ബോർഡിൽ ഉറപ്പുവരുത്തുമെന്നും അദ്ദേഹം പറഞ്ഞു.
(ഹോൾഡ്)

കോൺഗ്രസ്, സിപിഐ(എം) ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികളിലെ അംഗങ്ങൾ ബില്ലിനെ രൂക്ഷമായി എതിർത്തുകൊണ്ട് രംഗത്തു വന്നു. ഭരണഘടനയിലും, മതസൗഹാർദ്ദത്തിലും, തുല്യതയിലും സർക്കാർ വിശ്വസിക്കുന്നുണ്ടെങ്കിൽ ബിൽ പിൻവലിക്കണമെന്ന് സിപിഐഎം അംഗം ജോൺ ബ്രിട്ടാസ് സഭയിൽ ആവശ്യപ്പെട്ടു. മതപരമായ ധ്രുവീകരണത്തിന് ബിൽ വഴി വെയ്ക്കുമെന്ന് കോൺഗ്രസ് എംപി സൈദ് നാസർ ഹുസൈൻ പറഞ്ഞു. മതേതര മൂല്യങ്ങൾക്കും, ഭരണഘടനയ്ക്കും വിരുദ്ധമായ ബില്ലാണിതെന്ന് ഡിഎംകെ അംഗം തിരുച്ചി ശിവ വിമർശിച്ചു. ബിൽ പിൻവലിക്കണമെന്ന് ആം ആദ്മി എംപി സഞ്ജയ് സിങ്ങും സഭയിൽ ആവശ്യപ്പെട്ടു. മുസ്ലിം വിഭാഗത്തിലെ പാവപ്പെട്ടവരുടെ ഉന്നമനമാണ് മോദി സർക്കാർ ലക്ഷ്യമിടുന്നതെന്ന് ബിജെപി എംപി രാധാമോഹൻ ദാസ് പറഞ്ഞു. രാജ്യസഭയിൽ ചർച്ച തുടരുകയാണ്.

&&&&&&&&&&&&&&&&&&

വി ഡി സതീശൻ – മുനമ്പം

RIJU TVPM

മുനമ്പം പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കാൻ വഖഫ് ഭേദഗതി ബില്ലിലൂടെ സാധിക്കുമെന്ന വാദം ശരിയല്ലെന്ന് നിയമ മന്ത്രി പി.രാജീവ്. ഇത് തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമാണെന്നും അദ്ദേഹം മധുരയിൽ മാധ്യമങ്ങളോട് പറഞ്ഞു. വഖഫ് ഭേദഗതി ബിൽ പാസായാൽ മുനമ്പം ഭൂമി വിഷയം പരിഹരിക്കാനാകില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശനും പ്രതികരിച്ചു. വഖഫ് ബില്ലിനെ മുനമ്പവുമായി കൂട്ടിയിണക്കി രണ്ട് മത വിഭാഗങ്ങൾ തമ്മിലുള്ള സംഘർഷമാക്കി മാറ്റാൻ ശ്രമം നടക്കുന്നതായും അദ്ദേഹം പറവൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. ഇടത് വലത് മുന്നണികളുടെ പ്രീണന രാഷ്ട്രീയമാണ് പാർലമെൻ്റിൽ വഖഫ് ചർച്ചയിൽ കണ്ടതെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പറഞ്ഞു. മുനമ്പത്തെ ജനങ്ങൾക്ക് ഒപ്പം നിന്ന് പ്രശ്നം പരിഹരിക്കുന്നതിന് പകരം തെറ്റിദ്ധാരണ പരത്തുകയാണ് ഇവർ ചെയ്യുന്നതെന്നും അദ്ദേഹം പ്രതികരിച്ചു. വഖഫ് ഭേദഗതി ബിൽ മുനമ്പത്തെ ജനതയ്ക്ക് പ്രതീക്ഷ നൽകുന്നതായി കത്തോലിക്ക കോൺഗ്രസ് അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&&

**ആശാപ്രവർത്തകർ സമരം**

സമരം ചെയ്യുന്ന ആശാ പ്രവർത്തകരുമായി സംസ്ഥാന സർക്കാർ തിരുവനന്തപുരത്ത് നടത്തിയ മൂന്നാം വട്ട ചർച്ചയും പരാജയം. സമരം തുടരുമെന്ന് ആശമാർ

RNUTVPM

അറിയിച്ചു. ആരോഗ്യ മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ മന്ത്രിയുടെ ചേമ്പറിലായിരുന്നു ചർച്ച. പ്രശ്നം പഠിക്കാൻ കമ്മറ്റിയെ നിയമിക്കാമെന്ന് സർക്കാരിന്റെ നിർദേശം ആശ അസോസിഷൻ അംഗീകരിച്ചില്ല. എന്നാൽ ചർച്ചയിൽ പങ്കെടുത്ത CITU, INTUC തുടങ്ങിയ ട്രേഡ് യൂണിയനുകളുടെ പ്രതിനിധികൾ സർക്കാർ നിർദ്ദേശം അംഗീകരിച്ചു. കമ്മീഷൻ റിപ്പോർട്ട് ലഭിച്ചശേഷം വേതന പരിഷ്കരണത്തിൽ തീരുമാനമെടുക്കാം എന്ന നിലപാടാണ് സർക്കാർ മുന്നോട്ട് വച്ചത്. അന്തിമ തീരുമാനമാകാത്ത സാഹചര്യത്തിൽ ചർച്ച നാളെയും തുടരുമെന്നാണ് സൂചന. ഒരു വിഭാഗം ആശാപ്രവർത്തകർ സെക്രട്ടേറിയേറ്റിനു മുന്നിൽ നടത്തുന്ന സമരം 53 –ാം ദിവസത്തിലേക്ക് കടക്കുന്നതിനിടെയാണ് സർക്കാർ മൂന്നാംഘട്ട ചർച്ച നടത്തിയത്.

&&&&&&&&&&&&&&&&&&

**എസ്എസ്എൽസി**

എസ്എസ്എൽസി, ഹയർ സെക്കൻഡറി പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണയം സംസ്ഥാനത്ത് ആരംഭിച്ചു.

എസ്എസ്എൽസി മൂല്യനിർണയം ഈ മാസം 26 വരെ രണ്ട് ഘട്ടമായാണ് നടക്കുന്നത്. മെയ് മൂന്നാംവാരം എസ് എസ് എൽ സി പരീക്ഷാ ഫലം പ്രഖ്യാപിക്കും. എട്ടാംക്ലാസ് പരീക്ഷാ ഫലം നാളെയാണ് പ്രഖ്യാപിക്കുന്നത്. എട്ടാം

RIJUVPM

ക്ലാസിൽ മിനിമം മാർക്ക് നിർബന്ധമാക്കിയ ശേഷമുള്ള ആദ്യ ഫലമാണിത്.

&&&&&&&&&&&&&&&&&&

**ഇ എം സി - പഠന റിപ്പോർട്ട്**

2027 - ഓടെ സംസ്ഥാനത്ത് പീക്ക് വൈദ്യുത ഡിമാൻഡ് 7,000 മെഗാവാട്ട് കവിയുമെന്ന് ഇ എം സി പഠന റിപ്പോർട്ട്. ഊർജ സംഭരണത്തിന്റെ പ്രായോഗികതയെക്കുറിച്ച് സർക്കാരിന് സമർപ്പിച്ച പഠന റിപ്പോർട്ടിലാണ് വിലയിരുത്തൽ. 2024 സാമ്പത്തിക വർഷത്തിൽ ഇത് ഏകദേശം 5,300 മെഗാവാട്ട് ആയിരുന്നു. വൈദ്യുത വാഹന ചാർജിംഗും എ സിയുടെ ഉപയോഗവും വർധനവിന്റെ പ്രധാന കാരണങ്ങളാണെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

&&&&&&&&&&&&&&&&&&

**ശുദ്ധജലവിതരണം തടസപ്പെട്ടു.**

തിരുവനന്തപുരം - നാഗർകോവിൽ റെയിൽവേ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് കരമന ശാസ്ത്രി നഗർ അണ്ടർപാസിന് അടുത്തുള്ള ട്രാൻസ്മിഷൻ മെയിനിൻറെ അലൈൻമെന്റ് മാറ്റിയിടുന്ന പ്രവൃത്തി പൂർത്തിയായി. പ്രവൃത്തികളെ തുടർന്ന് ജലവിതരണം മുടങ്ങിയത് തിരുവനന്തപുരം നഗരത്തിലെ വിവിധയിടങ്ങളിൽ ജലക്ഷാമത്തിന് ഇടയാക്കിയിരുന്നു. അരുവിക്കരയിൽനിന്ന് ശുദ്ധജല പമ്പിങ് ആരംഭിച്ചിട്ടുണ്ട്. പി.ടി.പി നഗറിൽ നിന്നും നേമം,

RNU TVPM

വട്ടിയൂർക്കാവ് സോണിലേക്കുള്ള ജലലഭ്യത സുഗമമാക്കുന്നതിന്റെ ഭാഗമായുള്ള വെൽഡിങ് ജോലികളുടെ അവസാനഘട്ടം ഉടൻ പൂർത്തിയാകുമെന്നും വാട്ടർ അതോറിറ്റി അറിയിച്ചു.

&&&&&&&&&&&&&&&&&&

**മന്ത്രി വീണാ ജോർജ്**

ചലച്ചിത്ര മേഖല സ്ത്രീകൾക്ക് സുരക്ഷിതവും സൗഹൃദപരവുമാകണമെന്ന് മന്ത്രി വീണാ ജോർജ്. പോഷ് ആക്ടിനെ കുറിച്ച് സിനിമ പ്രവർത്തകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി വനിതാ ശിശു വികസന വകുപ്പ് സംഘടിപ്പിച്ച പരിശീലന പരിപാടി ഉത്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.ചലച്ചിത്ര മേഖലയിൽ സുപ്രധാന ഇടപെടലിനാണ് ഇതിലൂടെ സംസ്ഥാന സർക്കാർ തുടക്കം കുറിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**മഴ**

തെക്കുകിഴക്കൻ അറബിക്കടലിലെ ചക്രവാതച്ചുഴിയുടെ സ്വാധീനത്താൽ സംസ്ഥാനത്ത് അടുത്ത നാല് ദിവസം ഇടിമിന്നലോടു കൂടിയ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

RNU TVPM

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയാണ്.

&&&&&&&&&&&&&&&&&&

**ഫിഫ റാങ്കിങ്**

ഫിഫ ഫുട്ബാൾ റാങ്കിംഗിൽ ഒന്നാം സ്ഥാനം നിലനിർത്തി അർജന്റീന . ഫ്രാൻസിനെ മറികടന്ന് സ്പെയിൻ രണ്ടാം സ്ഥാനത്തെത്തി. ഫ്രാൻസ് മൂന്നാം സ്ഥാനത്തും ബ്രസീൽ അഞ്ചാമതുമാണ്.

&&&&&&&&&&&&&&&&&&

**ഇന്ത്യൻ സൂപ്പർ ലീഗ്**

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബാൾ രണ്ടാം സെമിയിൽ ഇന്ന് ജംഷഡ്പൂർ എഫ്.സി, മോഹൻ ബഗാനെ നേരിടും. രാത്രി 7.30 നാണ് മത്സരം.

RNUTVPM

&&&&&&&&&&&&&&&&&&

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&

**ഓഹരി + സ്വർണ്ണം**

ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 322 പോയിൻറ് നഷ്ടത്തിൽ 76,295 ലും, നിഫ്റ്റി 82 പോയിൻറ് നഷ്ടത്തിൽ 23,250 ലും വ്യാപാരം അവസാനിപ്പിച്ചു. ഇന്ത്യയടക്കം

നിരവധി രാജ്യങ്ങൾക്ക് അമേരിക്ക പകരചുങ്കം പ്രഖ്യാപിച്ചതിൻറെ പ്രതിഫലനം വിപണികളിൽ ദൃശ്യമാകുന്നതായാണ് നിരീക്ഷകരുടെ വിലയിരുത്തൽ. സ്വർണവിലയിൽ വർദ്ധന. ഗ്രാമിന് 50 രൂപ വർദ്ധിച്ച് 8,560 രൂപയും പവന് 400 രൂപ വർദ്ധിച്ച് 68,480 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**മനുഷ്യാവകാശ കമ്മീഷൻ**

തിരുവനന്തപുരം ഫോർട്ട് താലൂക്ക് ആശുപത്രിയിലെ സ്ഥലപരിമിതിയും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും അടിയന്തരമായി പരിശോധിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് മനുഷ്യാവകാശ കമ്മീഷൻ നിർദേശം നൽകി. ഫോർട്ട് ആശുപത്രിയിൽ രോഗികൾ അനുഭവിക്കുന്ന ദുരിതങ്ങളെ കുറിച്ച് വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

RNUTVPM

&&&&&&&&&&&&&&&&&&

**ഓപ്പറേഷൻ ഡി-ഹണ്ട്**

ഓപ്പറേഷൻ ഡി-ഹണ്ടിൻറെ ഭാഗമായി സംസ്ഥാനവ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 66 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 77 പേരാണ് അറസ്റ്റിലായത്.

&&&&&&&&&&&&&&&&&&

**സ്ഥാപക ദിനം**

ആർമി മെഡിക്കൽ കോർപ്സിൻ്റെ സ്ഥാപക ദിനം പാങ്ങോട് സൈനിക കേന്ദ്രത്തിൽ ഇന്ന് ആഘോഷിച്ചു. സൈനിക കേന്ദ്രം മേധാവി ബ്രിഗേഡിയർ അനുരാഗ് ഉപാധ്യായ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. ആർമി മെഡിക്കൽ കോർപ്സിലെ എല്ലാ അംഗങ്ങൾക്കും അദ്ദേഹം ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&

**പി രാജീവ് - മെഡി മാർട്ട്**

സംസ്ഥാന ഡ്രഗ്സ് ആൻ്റ് ഫാർമസ്യൂട്ടിക്കൽസിൻ്റെ അൻപതാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം മന്ത്രി പി രാജീവ് ചൊവ്വാഴ്ച ആലപ്പുഴയിൽ നിർവഹിക്കും. കെ.എസ്.ഡി.പി മെഡി മാർട്ടിനും അദ്ദേഹം തുടക്കം കുറിക്കും. സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള മരുന്നുകൾ, സർജിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായാണ് മെഡി മാർട്ട് ആരംഭിക്കുന്നത്. മരുന്നുകൾ 10 മുതൽ 20 % വരെ വിലക്കുറവിൽ ലഭ്യമാക്കും. 5 കിലോമീറ്റർ ചുറ്റളവിൽ ഹോം ഡെലിവറി സംവിധാനവുമുണ്ടാകും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

RNU TVPM

&&&&

&&&

&&

&

RNU TVPM